പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 326 01.12.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യുടെ വിശ്രമ സങ്കേതങ്ങൾ

ചോദ്യം

ശ്രീ. സി. മോയിൻ കുട്ടി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | യാത്രക്കാർക്ക് വിശ്രമ സൗകര്യത്തിനായി വിശ്രമ സങ്കേതങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ നിയന്ത്രണത്തിൽ നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ്; | (എ) | ഉണ്ട്. കാസർഗോഡ്, നിലമ്പൂർ, പയ്യന്നൂർ, കൽപ്പറ്റ, തൃശ്ശൂർ, കായംകുളം, തിരുവനന്തപുരം സിറ്റി, സുൽത്താൻ ബത്തേരി, താമരശ്ശേരി, തലശ്ശേരി, ചിറ്റൂർ, പൊന്നാനി, മണ്ണാർക്കാട്, വടക്കാഞ്ചേരി, ചേർത്തല, വിഴിഞ്ഞം, പാറശ്ശാല, മാള, ചാത്തന്നൂർ, വികാസ്ഭവൻ, കിളിമാനൂർ, ചടയമംഗലം, കാട്ടാക്കട, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, പാപ്പനംകോട്, പേരൂർക്കട, അടൂർ, വെള്ളനാട്, ഇരിഞ്ഞാലകുട, ചാലക്കുടി, കോതമംഗലം, കൂത്താട്ടുകുളം, കുളത്തൂപ്പുഴ എന്നീ ഡിപ്പോകളിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | ഇതിന്റെ നിർമ്മാണത്തിനു വേണ്ട തുക ഗവൺമെന്റ് ആണോ വഹിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇതിനുവേണ്ടി വന്ന തുക സർക്കാർ വാർഷിക പദ്ധതി ഇനത്തിൽ ലഭ്യമാക്കിയതാണ്. |
| (സി) | യാത്രക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (സി) | പരാതി ലഭിച്ചിട്ടില്ല. |
| (ഡി) | ഗവൺമെന്റ് ചെലവിലെ വിശ്രമ സങ്കേതങ്ങൾ യാത്രക്കാർക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്താനാവശ്യമായ അടിയന്തിര നിർദ്ദേശം നൽകുമോ? | (ഡി) | വിശ്രമ സങ്കേതങ്ങൾ യാത്രക്കാർക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശം യൂണിറ്റാഫീസർമാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ